പതിമൂന്നാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5005. 24.10.2011-ൽ മറുപടിയ്ക്ക്

## ആധുനിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം

ചോദ്യം

ശ്രീ. എം.എ. ബേബി.
ശ്രീ. എ.കെ. ബാലൻ.
ശ്രീ. എളമരം കരീം.
ശ്രീ.കെ.കെ. നാരായണൻ

മറുപടി

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ ചികിത്സാരംഗത്ത് ആധുനിക യന്ത്രോപകരണങ്ങളുടെ ഉറപ്പാക്കലും ഫലപ്രദമായ ഉപയോഗവും പരിശോധിച്ചിട്ടുണ്ടോ

(എ) ഉണ്ട്.

(ബി) രോഗ നിർണ്ണയത്തിനും പരിശോധനകൾക്കുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള യന്ത്ര സാമഗ്രികൾ എത്രമാത്രം ആശുപത്രികളിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സി.റ്റി.സ്കാനർ, ഫുള്ളി/സെമി ആട്ടോമെറ്റിക് അനലൈസർ, അൾട്രാസൗണ്ട് സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി, എറണാകുളം, പത്തനംതിട്ട, ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ സി.റ്റി. സ്കാനർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കാസർഗോഡ് ജനറൽ ആശുപത്രി, കണ്ണൂർ, പാലക്കാട് ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ സി.റ്റി. സ്കാനർ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. അവ ഉടൻ പ്രവർത്തനക്ഷമമാകും. അൾട്രാസൗണ്ട് സ്കാനർ, ഫുൾ/സെമി ആട്ടോമെറ്റിക് അനലൈസർ, എന്നിവ എല്ലാ ജില്ലാ ആശുപത്രികളിലും മിക്ക താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

(സി) വിലകൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളിൽ അവ സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്യപ്പെടാത്ത അവസ്ഥ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ